**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1913** **29-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് സമാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യവസായ വാണിജ്യ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാന സർക്കാർ സമാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോവിഡ് രണ്ടാം തരംഗം മൂലം സംസ്ഥാനത്തെ എം.എസ്സ്.എം.ഇ മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും.2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന |

| | | | |
|---|---|---|---|
| | | | മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പ്രസ്തുത പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്. |
| (ബി) | സമാശ്വാസ പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ മേഖലകൾക്കായി പ്രഖ്യാപിച്ച നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുവാനും കൂടുതൽ ധനസഹായം നൽകുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ അറിയിക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനിതകൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, യുവജനങ്ങൾ എന്നിവർക്കൊപ്പം പ്രവാസി മലയാളികളെയും പ്രത്യേക വിഭാഗമായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 2012 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദനസംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% |

| | | | |
|---|---|---|---|
| | | | വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19 –ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വസഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയിവർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK –യെകൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭ സഹായ സബ്സിഡി ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭ സഹായ സബ്സിഡി ഉയർത്തിയിട്ടുണ്ട്. 1. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും.പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാകും. 3. നിലവിൽ 5ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളേയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. .ഇതിനുപുറമേ 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. |

സെക്ഷൻ ഓഫീസർ